പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3358 — 18.2.2013-ൽ മറുപടിക്ക്

## മാലിന്യ നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ<br>,, എം. ഹംസ<br>,, എ. പ്രദീപ് കുമാർ<br>,, ബി. സത്യൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മാലിന്യകൂമ്പാരങ്ങളിൽ നിന്നും ദുർഗന്ധം വമിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) കേരളത്തിലെ ചില നഗരസഭകൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കാതെയാണ് ഖരമാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതെന്നതിനാൽ ചില സ്ഥലങ്ങളിൽ മാലിന്യക്കൂമ്പാരങ്ങളിൽ നിന്നും ദുർഗന്ധം വമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ സ്ഥിതിയിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പിനായി അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | ബി) അവലോകനം വിവധതലങ്ങളിൽ നടത്തി വരുന്നു. സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ ഉണ്ടാകുന്ന ഖരമാലിന്യം നഗരസഭകളിൽ സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്ക്കരണ സംവിധാനത്തിൽ കൂടിയാണ് സംസ്കരിക്കപ്പെടുന്നത്. ഇതിൽ പ്രധാനമായും കമ്പോസ്റ്റിംഗ് രീതിയിലുള്ള സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംസ്കരണ രീതിയാണ് അനുവർത്തിച്ച് വരുന്നത്. കേരളത്തിന്റെ കാലാവസ്ഥയും മാലിന്യത്തിന്റെ സ്വഭാവവും കണക്കിലെടുക്കുമ്പോൾ മാലിന്യ സംസ്കരണത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യ, കമ്പോസ്റ്റിംഗ് രീതിയും ബയോഗ്യാസ് പ്ളാന്റുകളുമാണ്. നഗരസഭകളിൽ നിലവിലുള്ള പ്ളാന്റുകളുടെ നവീകരണവും അവയെ കുറ്റമറ്റതാക്കാനുമാണ് നടപടി എടുത്തു വരുന്നത്. ഇത്തരത്തിലുള്ള പദ്ധതികളുടെ നടത്തിപ്പിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പദ്ധതി നടത്തിപ്പിന്റെ അവലോകനം തദ്ദേശ സ്വയംഭരണ തലത്തിലും സർക്കാർ തലത്തിലും നടത്തി വരുന്നു. |

| | |
|---|---|
| സി) പുതിയതായി ഏതെങ്കിലും പദ്ധതിയ്ക്കു രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ? | സി) ഉണ്ട്. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപങ്ങളിലും അനുയോജ്യമായ ലഘുവായ സാങ്കേതിക വിദ്യകൾ അനുവദിക്കുന്നതിനും അവയ്ക്കുള്ള സബ്സിഡി നിരക്ക് ഉയർത്തുകയും ചെയ്തിട്ടുണ്ട്. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് 75% സബ്സിഡിയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സിഡി നൽകുന്നുണ്ട്. ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള പ്ലാന്റുകളുടെ നവീകരണത്തിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നഗരപ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളക്ക് 100% സാമ്പത്തിക സഹായം സർക്കാരിന്റെ ഭാഗത്ത് നിന്നും ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ